**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2463** **07-07-2022 - ൽ മറുപടിയ്ക്ക്**

**വ്യാവസായിക വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. മാത്യു കുഴൽനാടൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് എന്ന സൂചികയിൽ വിവിധ ഏജൻസികളുടെ ലഭ്യമായ സർവ്വേ പ്രകാരം സംസ്ഥാനത്തിന്റെ സ്ഥാനം എത്രയാണെന്ന് അറിയിക്കാമോ; | (എ) | **കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള DPIIT (Department for Promotion of Industry and Internal Trade, Ministry of Commerce & Industry) 30.06.2022ൽ പ്രസിദ്ധീകരിച്ച ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് സൂചിക പ്രകാരം കേരളത്തിന് 15-ാം സ്ഥാനം ആണ്** |
| (ബി) | സംസ്ഥാനത്തേക്ക് വിപുലമായ വ്യവസായ സംരംഭങ്ങളെ ആകർഷിക്കുന്നതിന് മതിയായ ഭൂമിയോ മറ്റ് അടിസ്ഥാന സൗകര്യങ്ങളോ ലഭ്യമല്ല എന്നിരിക്കെ വ്യാവസായികമായി പുരോഗതി ലക്ഷ്യമിടുന്നത് എപ്രകാരമാണെന്ന് അറിയിക്കാമോ ; | (ബി) | കേരളത്തിന്റെ വ്യവസായ മേഖല പ്രധാനമായും പരമ്പരാഗത വ്യവസായങ്ങളും (Traditional Industries) സൂക്ഷ്മ ചെറുകിട വ്യവസായങ്ങളും (MSME) ഉൾപ്പെട്ടതാണ്. പ്രകൃതിയോട് ചേർന്ന് നിൽക്കുന്ന ഇത്തരം വ്യവസായങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളെ പ്രോത്സാഹിപ്പിച്ചും കയറ്റുമതിക്ക് സജ്ജമാക്കിയും മറ്റുമാണ് നാം പരിപാലിക്കുന്നത്. **മുന്നോട്ടുള്ള കേരളത്തിന്റെ വ്യവസായിക വളർച്ചയ്ക്ക് ഫുഡ് പ്രൊസസിംഗ്, ലൈഫ് സയൻസ്, ആയുർവേദം, ഫാർമസ്യൂട്ടിക്കൽ, റബ്ബർ, മുതലായ മേഖലകളിലാണ് പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഈ മേഖലകളെല്ലാം തന്നെ ഉയർന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുവാനും ധാരാളം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാനുള്ള കഴിവുള്ളതുമാണ്. ഇത്തരം വ്യവസായങ്ങൾക്ക് ആവശ്യമായ ഭൂമിയും മികച്ച അടിസ്ഥാന സൗകര്യവും ഒരുക്കി മികച്ച രീതിയിലുള്ള വ്യവസായ വളർച്ച കേരളത്തിന് കൈവരിക്കുവാൻ കഴിയുമെന്നാണ് കണക്കുകൂട്ടുന്നത്. കേരളത്തിന്റെ ജനാധിപത്യം (Democracy), ഭൂഘടന (Ecology) സാധനങ്ങളുടെ ഉയർന്ന ആവശ്യകത (Demand) ഉന്നത വിദ്യാഭ്യാസവും (Education) തൊഴിൽ വൈദഗ്ധ്യവുമുള്ളവരുടെ ലഭ്യതയും (Availability of skilled manpower) മറ്റും നമ്മുടെ ഇത്തരം മേഖലകളിൽ നിക്ഷേപം ആകർഷിക്കുന്നതിന് സഹായിക്കുന്നതാണ്.** |

| | | | |
|---|---|---|---|
| | | | **വ്യവസായ വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യം ഒരുക്കുവാനുതകുന്ന നിയമനിർമാണങ്ങളും ഭേദഗതികളും നടത്തുകയും, സംരംഭങ്ങൾക്ക് സമയബന്ധിതമായും, സുതാര്യമായും അനുമതികൾ ലഭ്യമാക്കുന്നതിന് ഓൺലൈൻ ഏകജാലക സംവിധാനം (കെ-സ്വിഫ്റ്റ്) ഏർപ്പെടുത്തുകയും ചെയ്തത് വലിയ തരത്തിലുള്ള നിക്ഷേപവും, വ്യവസായ വളർച്ചയും ലക്ഷ്യമിട്ടാണ്.** |
| (സി) | വ്യാവസായിക വികസനത്തിനായുള്ള പുതിയ ലാൻഡ് ലൊക്കേഷൻ പോളിസി രൂപീകരണം ഏത് ഘട്ടത്തിലാണെന്ന് വിശദാംശം സഹിതം അറിയിക്കാമോ; | (സി) | വ്യാവസായിക വികസനത്തിനായി ലാൻഡ് ലൊക്കേഷൻ പോളിസി രൂപീകരണവുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പിൽ നടപടികൾ ഒന്നും സ്വീകരിച്ച വരുന്നില്ല. എന്നാൽ വ്യവസായ വികസനം ലക്ഷ്യം വച്ച കൊണ്ടുള്ള ഏകീകൃത ലാൻഡ് ലീസ് പോളിസി രൂപീകരണം സർക്കാർ പരിശാധിച്ച വരുന്നു. |
| (ഡി) | പൊതുമേഖലാ സ്ഥാപനങ്ങൾ ഭൂരിഭാഗവും നഷ്ടത്തിലാണ് എന്നിരിക്കെ എന്തടിസ്ഥാനത്തിലാണ് എച്ച്. .എൽ.എൽ. പോലുള്ള സ്ഥാപനങ്ങളെ ഏറ്റെടുക്കുവാൻ താൽപര്യം പ്രകടിപ്പിച്ച് സർക്കാർ മുന്നോട്ടു വന്നത് എന്ന് വ്യക്തമാക്കാമോ? | (ഡി) | 2021-22 സാമ്പത്തിക വർഷത്തെ ആഡിറ്റിന് മുൻപുള്ള കണക്കുകൾ പ്രകാരം കിൻഫ്ര ഉൾപ്പെടെ 26 സ്ഥാപനങ്ങൾ പ്രവർത്തനലാഭം കൈവരിച്ചിട്ടുണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് എടുത്തു പറയത്തക്ക നേട്ടമാണ് വിറ്റ വരവിലും പ്രവർത്തന ലാഭത്തിലും വ്യവസായ വകുപ്പിന് കീഴിലുള്ള പൊതു മേഖല സ്ഥാപനങ്ങൾ കൈവരിച്ചിട്ടുള്ളത്. ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ<br><br>സ്വകാര്യവൽക്കരിക്കുകയും, നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ അടച്ചുപൂട്ടുകയും ചെയ്യുന്ന നയമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിരിക്കുന്നത്. എന്നാൽ പൊതുമേഖല സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ നിലനിർത്തി സംരക്ഷിക്കുന്ന ബദൽ നയ സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ച് വരുന്നത്. സംസ്ഥാന സർക്കാർ അനുവർത്തിച്ചിരിക്കുന്ന നയം, പൊതുമേഖലാ സ്ഥാപനങ്ങളെ സംസ്ഥാനത്തിന്റെ മുതൽക്കൂട്ടായി കണ്ടുകൊണ്ട് ഉല്പന്നത്തിന്റെ വിപണന സാധ്യതയും ലാഭകരമായി നടത്തുവാനുള്ള സാങ്കേതിക വിദ്യയും സ്വായത്തമാക്കി അവയുടെ മുൻകാല കടങ്ങൾ വീട്ടി ആ സ്ഥാപനത്തെ ഏറ്റെടുത്ത് പുനരുജ്ജീവിപ്പിക്കുക എന്നുള്ളതാണ്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ സമഗ്രമായ പുനരുദ്ധാരണം ലക്ഷ്യമിട്ടുകൊണ്ടുള്ള മാസ്റ്റർ പ്ലാൻ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ സ്വീകരിച്ച് വരുന്ന നയത്തിന്റെ ഭാഗമായിട്ടാണ് കേന്ദ്രസർക്കാർ |

| | | | |
|---|---|---|---|
| | | | സ്വകാര്യവൽകരിക്കുവാൻ തീരുമാനിച്ച കേന്ദ്ര പൊതു മേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റിഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പേരിൽ പുനഃനാമകരണം ചെയ്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായി പ്രവർത്തനം പുനഃരാരംഭിച്ചു.<br><br>മേൽപറഞ്ഞത് കൂടാതെ കേന്ദ്ര സർക്കാർ സ്വകാര്യവത്ക്കരിക്കുവാൻ തീരുമാനിച്ച കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന ഭെൽ-ഇ.എം.എൽ. കമ്പനി സംസ്ഥാനം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ബി.എച്ച്.ഇ.എൽ-നു ഉണ്ടായിരുന്ന 51% ഓഹരികളും കേരള സർക്കാർ ഏറ്റെടുത്ത് പ്രസ്തുത സ്ഥാപനത്തെ കെൽ-ഇ.എം.എൽ എന്ന് പുനഃനാമകരണം ചെയ്ത് പൂർണ്ണമായും<br><br>സംസ്ഥാനസർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി മാറ്റിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ